ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ പ്രൊമോഷൻ നിയമനം നടത്താൻ നടപടി

102 (3858) ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആരോഗ്യവകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ പ്രൊമോഷൻ നിയമനങ്ങൾ വൈകുന്നതുമൂലം പൊതുജനാരോഗ്യ രംഗത്തു ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനു വേണ്ടി പ്രസ്തുത നിയമനങ്ങൾ ഉടൻ നടത്തുന്നതിനുള്ള അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

നേരത്തെ നിലവിലുണ്ടായിരുന്ന ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ 12-3-2003-ലെ ഇജി4-61044/01 എന്ന ഉത്തരവ് പ്രകാരം നികത്തിയിട്ടുണ്ട്. ഇപ്പോൾ ഒഴിവുള്ള തസ്തികകളിൽ പ്രമോഷൻ വഴി നിയമനം നടത്തുവാൻ വേണ്ട നടപടികൾ ധൃതഗതിയിൽ നടന്നു വരുന്നു.

തൃശ്ശൂർ ജില്ലയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് രണ്ടിന്റെ ഒഴിവുകൾ നികത്താൻ നടപടി

103 (3859) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് രണ്ടിന്റെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ; ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) തൃശ്ശൂർ ജില്ലയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 60 ഒഴിവുകൾ ഉണ്ട്. ഇതിൽ 38 എണ്ണം 2000-ാം ആണ്ടിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും, റിപ്പോർട്ട് ചെയ്തതിലെ പിഴവുകാരണം നിയമനം നടന്നില്ല. എന്നാൽ പ്രസ്തുത പിഴവ് പരിഹരിച്ച് 38 ഒഴിവുകളിലേയ്ക്ക് നിയമനം നടത്താൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. മറ്റു ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) 26.

LIBRARY ARCHIVES Kerala Legislative Assembly

(സി) ദേശീയ കുഷ്ഠരോഗ നിവാരണപദ്ധതിയിലെ ജീവനക്കാരെ പൊതുജനാരോഗ്യ പരിപാടിയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് സംയോജിപ്പിക്കേണ്ടതിനാൽ, രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ തൽക്കാലം സാധിക്കില്ല.

സർക്കാർ ഉടമസ്ഥതയിലുള്ള മാനസികാരോഗ്യ കേന്ദ്രങ്ങൾ

104 (3860) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സർക്കാർ ഉടമയിലുള്ള എത്ര മാനസികാരോഗ്യ കേന്ദ്രങ്ങൾ ഉണ്ട് ; അവ എവിടെയെല്ലാം ; അവയിലോരോന്നിലും എത്ര രോഗികളെ വീതം പ്രവേശിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ട് ; വിശദവിവരം നൽകുമോ ;

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെയും, നേഴ്സുമാരുടെയും വാർഡൻമാരുടെയും എത്ര തസ്തികകൾ വീതമുണ്ടെന്നും അവയിൽ ഓരോന്നിലും എത്ര വീതം ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ഓരോ മാനസികാരോഗ്യ കേന്ദ്രത്തിന്റെയും ഇപ്പോഴത്തെ സ്ഥിതി വിലയിരുത്തുന്നതിനും പ്രവർത്തനം വിശകലനം ചെയ്യുന്നതിനും അവ കാര്യക്ഷമമാക്കുന്നതിനും വേണ്ടി പഠിച്ച് റിപ്പോർട്ട് ചെയ്യാൻ ജനപ്രതിനിധികളും സാമൂഹ്യപ്രവർത്തകരും ആരോഗ്യ പ്രവർത്തകരും, മാദ്ധ്യമ പ്രതിനിധികളും, നിയമ വിദഗ്ദ്ധരും അടങ്ങുന്ന ഒരു വിദഗ്ദ്ധ കമ്മീഷനെ നിയമിക്കുകയും അവരുടെ റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുമോ ;

(ഡി) രോഗം ഭേദമായതിനുശേഷവും ബന്ധുക്കൾ വിളിച്ചു കൊണ്ടുപോകാത്ത എത്ര കേസ്സുകൾ ഓരോ ആരോഗ്യ കേന്ദ്രങ്ങളിലും നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മാനസികാരോഗ്യ കേന്ദ്രങ്ങൾ ഉണ്ട്. തിരുവനന്തപുരത്ത് 507-ഉം തൃശ്ശൂരിൽ 3619-ഉം കോഴിക്കോട് 474-ഉം രോഗികളെ പ്രവേശിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ട്.

(ബി) 36 ഡോക്ടർമാരുടെയും 78 നേഴ്സുമാരുടെയും 30 അറ്റൻഡർമാരുടെയും തസ്തികകൾ ഉണ്ട്. ഇവയിൽ 3 ഡോക്ടർമാരുടെയും, 3 നേഴ്സുമാരുടെയും 13 അറ്റൻഡർമാരുടെയും തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly